**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2785** **28-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ തേക്കടിയുടെ ടൂറിസം വികസനത്തിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ തേക്കടിയുടെ ടൂറിസം വികസനത്തിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>• വിനോദസഞ്ചാരികളുടെ സൗകര്യത്തിനായി ഇൻഫർമേഷൻ സെന്റർ അമ്പാടി ജംഗ്ഷനിൽ പ്രവർത്തിച്ചുവരുന്നു.<br>• തേക്കടി സന്ദർശനത്തിനായി എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി വിശാലമായ പാർക്കിങ് ഗ്രൗണ്ട് നിർമ്മിച്ചിട്ടുണ്ട്.<br>• വിനോദസഞ്ചാരികളെ ബോട്ട് ലാന്റിങ്ങിലേക്ക് എത്തിക്കുവാൻ 8 ബസുകൾ ക്രമീകരിച്ചിട്ടുണ്ട്.<br>• തേക്കടി സന്ദർശനത്തിനായി എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്കായി ലഘുഭക്ഷണശാലകൾ പാർക്കിംഗ് ഗ്രൗണ്ടിലും ബോട്ട് ലാന്റിങ്ങിനടുത്ത് ആമ പാർക്കിലുമായി സജ്ജമാക്കിയിട്ടുണ്ട്.<br>• സഞ്ചാരികൾക്കായി വന ഉൽപ്പന്നങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് രണ്ട് സ്ഥലങ്ങളിൽ ഇക്കോഷോപ്പുകൾ ക്രമീകരിച്ചിട്ടുണ്ട്.<br>• സഞ്ചാരികൾക്കായി Community Based ഇക്കോടൂറിസം പ്രോഗ്രാമുകളായ ബോർഡർ ഹൈക്കിംഗ്, പദ്മാർക്ക് ട്രയിൽ, ഗ്രീൻവാക്ക്, നേച്ചർവാക്ക് തുടങ്ങിയ ട്രക്കിംഗ് പാക്കേജുകളും താമസസൗകര്യമുള്ള ബാംബുഗ്രോവ്, വാച്ച്ടവർ, ടൈഗർ ട്രെയിൽ എന്നീ പ്രോഗ്രാമുകളും നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ മാർഗ്ഗരേഖ അനുസരിച്ചും, അംഗീകൃത ടൈഗർ കൺസർവേഷൻ പ്ലാനിലെ നിർദേശങ്ങൾക്ക് അനുസൃതമായും ക്രമീകരിച്ചിട്ടുണ്ട്.<br>• വിനോദസഞ്ചാരികൾക്കായി പാർക്കിംഗ് ഗ്രൗണ്ടിലും, ബോട്ട് ലാന്റിങ്ങിലും ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | പെരിയാർ ടൈഗർ കൺസേർവഷൻ | (ബി) | പ്രധാനമായും താഴെ പറയുന്ന നാല് മേഖലകളിലുള്ള |

| | | | |
|---|---|---|---|
| | ഫൗണ്ടേഷന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | | പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്:<br>• ഇക്കോഡെവലപ്പ്മെൻറ് കമ്മിറ്റികൾക്കുള്ള സഹായ പദ്ധതികൾ<br>• സംരക്ഷിത വനമേഖലകളുടെ മെച്ചപ്പെട്ട മാനേജ്മെൻറ്<br>• പാരിസ്ഥിതിക പഠനവും ബോധവൽക്കരണവും<br>• ഇംപാക്റ്റ് മോണിറ്ററിംഗ് ആൻറ് റിസർച്ച്<br>ടി പ്രവർത്തനങ്ങളിൽ വനാശ്രിത കുടുംബത്തിൽപ്പെട്ട ആദിവാസികൾക്ക് കൃഷിക്കും, ചെറുകിടസംരംഭങ്ങൾക്കുമുള്ള സഹായം, ജീവനക്കാർക്കും, ഇ.ഡി.സി.കൾക്കുമുള്ള പരിശീലന പരിപാടികൾ, പ്രകൃതി പഠന ക്യാമ്പുകൾ, വിവിധ സസ്യ, പക്ഷി-ജന്തുജാലങ്ങളുടെ കണക്കെടുപ്പ്, ഹാബിറ്റാറ്റ് മാനേജ്മെൻറ് പ്രവർത്തനങ്ങൾ, ശബരിമലതീർത്ഥാടനം, ടൂറിസം തുടങ്ങിയവയ്ക്ക് അനുബന്ധമായുള്ള പാരിസ്ഥിതിക പഠനങ്ങൾ, കടുവസങ്കേതം സന്ദർശിക്കാനെത്തുന്നവർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയവ ഉൾപ്പെടുന്നു. |
| (സി) | വിനോദസഞ്ചാര കേന്ദ്രമായ ഗവിയിലേക്ക് വണ്ടിപ്പെരിയാറിൽ നിന്നും വള്ളക്കടവ് വഴി യാത്രക്കാരെയും വിനോദസഞ്ചാരികളെയും അവരുടെ വാഹനങ്ങൾ ഉൾപ്പെടെ കടത്തിവിടുന്നതിന് തടസങ്ങളുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | ഗവിയിലേക്ക് വള്ളക്കടവിലൂടെ യാത്രക്കാർക്കും, വിനോദസഞ്ചാരികൾക്കും അവരുടെ വാഹനങ്ങൾ ഉൾപ്പെടെ കടന്നുപോകുന്നതിന് ദേശീയ കടുവ സംരക്ഷണ അതോറിറ്റിയുടെ അംഗീകൃത ടൈഗർ കൺസർവേഷൻ പ്ലാൻ അനുസരിച്ച് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്<br>2021-22- 2030-31 ടൈഗർ കൺസർവേഷൻ പ്ലാനിൽ കോർ പ്ലാൻ അനുബന്ധം-അദ്ധ്യായം-4, വള്ളക്കടവ് റെയിഞ്ച് പ്രൊട്ടക്ഷൻ പ്ലാൻ പ്രൊട്ടക്ഷൻ -സ്റ്റാടജി -3.3 വെഹികുലർ ട്രാഫിക് റെഗുലേഷൻ പ്രകാരമുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിവരുന്നുണ്ട്. യാത്രക്കാർക്കും, വിനോദസഞ്ചാരികൾക്കും ഗവിയിലേക്ക് പോകുന്നതിനായി കേരള വനവികസന കോർപറേഷന്റെ പാക്കേജ് ടൂർ, വള്ളക്കടവ് റെയിഞ്ചിന്റെ സഫാരി ബസ്സ് എന്നിവ ഉപയോഗിക്കാവുന്നതാണ്. |
| (ഡി) | തേക്കടി ആനവെച്ചാൽ പാർക്കിംഗ് ഗ്രൗണ്ടിൽ പൊതുജനങ്ങളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് നിലവിലുള്ള നിയമ തടസങ്ങൾ വ്യക്തമാക്കാമോ; പ്രസ്തുത തടസങ്ങൾ നീക്കി പൊതുജനങ്ങളുടെ വാഹനങ്ങൾ കൂടി പാർക്ക് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോയെന്ന് വിശദമാക്കോമോ; | (ഡി) | നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ 15.11.2017 തീയതിയിലെ അപേക്ഷ നമ്പർ 89/2014 ഉത്തരവ് പ്രകാരം പെരിയാർ വന്യജീവിസങ്കേതത്തിന്റെ സംരക്ഷണാർത്ഥം ബന്ധപ്പെട്ട വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടുകൂടിയും ദേശീയ കടുവ സംരക്ഷണ അതോറിറ്റി അംഗീകരിച്ച ടൂറിസം പരിപാടികളുടെ ആവശ്യത്തിലേയ്ക്കായും വാഹന പാർക്കിംഗ് സൗകര്യം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ അംഗീകരിക്കപ്പെട്ട ടൈഗർ |

| | | | |
|---|---|---|---|
| | | | കൺസർവേഷൻ പ്ലാൻ പ്രകാരം നടത്താവുന്നതാണ്.<br>ടി ഉത്തരവിനെതിരെ തമിഴ്നാട് സർക്കാർ ബഹു. സുപ്രീംകോടതിയിൽ 19581-82/17 നമ്പറായി അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ പാർക്കിങ് ഗ്രൗണ്ട് വിഷയം ബഹു. സുപ്രീം കോടതിയുടെ പരിഗണനയിൽ ആയതിനാലും അംഗീകരിച്ച ടൈഗർ കൺസർവേഷൻ പ്ലാൻ പ്രകാരം വനാശ്രിത സമൂഹത്തെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള, വന്യജീവി സംരക്ഷണവും, വികസനവും, പരിപാലനവും അനുബന്ധമായിട്ടുള്ള ടൂറിസം പ്രവർത്തനങ്ങൾക്കും മാത്രമേ പാർക്കിംഗ് ഏരിയായിലെ സൗകര്യങ്ങൾ ഉപയോഗിക്കാനാവുകയുള്ളൂ എന്നതിനാലും അവ ഒഴികെയുള്ള മറ്റ് ഉപയോഗങ്ങൾക്ക് അനുവദിക്കാൻ കഴിയാത്തതാണ്. |
| (ഇ) | പെരിയാർ ടൈഗർ റിസർവ്വുമായി ബന്ധപെട്ട് മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുവാൻ കുമളി കേന്ദ്രീകരിച്ച് ഒരു ആർ.ആർ.ടി. യെ നിയമിക്കുവാൻ നടപടി സ്വീകരിക്കാമോയെന്ന് വിശദമാക്കുമോ? | (ഇ) | നിലവിൽ പീരുമേട് ആസ്ഥാനമായി ഒരു താത്കാലിക ആർ.ആർ.ടി പ്രവർത്തിച്ച് വരുന്നുണ്ട്. ടി ആർ.ആർ.ടിയുടെ സേവനം കുമളിയിലേക്കും ലഭ്യമാക്കാവുന്ന സാഹചര്യത്തിൽ കുമളിയിൽ പുതിയ ആർ.ആർ.ടി രൂപീകരിക്കേണ്ട സാഹചര്യം നിലവിൽ ഇല്ല |

സെക്ഷൻ ഓഫീസർ